**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:7405** | **14.07.2014- ൽ മറുപടിക്ക്**

**കാർഷികോൽപ്പന്നങ്ങൾ കൃഷിഭവനകൾ വഴി സംഭരിക്കുന്ന പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഹംസ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കാർഷികോല്പന്നങ്ങൾ കൃഷിഭവനകൾ വഴി സംഭരിക്കുന്ന പദ്ധതി ഏതെല്ലാം കൃഷിഭവനകളിൽ നടപ്പിലാക്കിയിട്ടുണ്ട്; അതിനായി കൃഷി ഓഫീസർമാർക്ക് എത്ര രൂപ അനുവദിച്ചു; വിശദാംശം ലഭ്യമാക്കാമോ; | (എ) കാർഷികോല്പന്നങ്ങളിൽ പച്ച നാളികേരമാണ് തെരഞ്ഞെടുത്ത കൃഷി ഭവനകളിലൂടെ സംഭരിച്ചു വരുന്നത്.<br>2013 ജനുവരി മാസം ഒന്നാം തീയതി സംസ്ഥാനത്ത് ആരംഭിച്ച പച്ച നാളികേര സംഭരണ പദ്ധതി ഇപ്പോൾ 10 ജില്ലകളിലെ (കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, പാലക്കാട്, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്) 339 കൃഷിഭവനകളിലൂടെ നടപ്പിലാക്കി വരികയാണ്. കൃഷിഭവനകളിൽ കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്ന പച്ചനാളികേരം കേരഫെഡ് മുഖേന ശേഖരിച്ച് കൊപ്രയാക്കി മാറ്റുന്നു. കൃഷിഭവൻ മുഖേന സംഭരിക്കുന്ന പച്ചനാളികേരത്തിന്റെ വില കർഷർക്ക് നേരിട്ട് നൽകുന്നതിനാവശ്യമായ തുക |

റിവോൾവിംഗ് ഫണ്ടായി കേരഫെഡിൽ നിന്നും കൃഷി ഓഫീസർമാർക്ക് നൽകുന്നു. പദ്ധതി പ്രകാരം കൃഷിഭവന് രണ്ട് ലക്ഷം രൂപ വീതം റിവോൾവിംഗ് ഫണ്ട് നൽകുന്നതിന് വകയിരുത്തിയിട്ടുണ്ട്.

(ബി) സംഭരിച്ച കാർഷികോല്പന്നങ്ങൾ കേടു കൂടാതെ സൂക്ഷിക്കാൻ എന്തെല്ലാം സംവിധാനങ്ങൾ കൃഷിഭവനുകളിൽ സജ്ജീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കാർഷികോൽപ്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കാനുള്ള സംവിധാനങ്ങൾ കൃഷി ഭവനുകളിൽ സജ്ജീകരിച്ചിട്ടില്ല. കൃഷി ഭവനിൽ ഇപ്പോൾ സംഭരിച്ചുകൊണ്ടിരിക്കുന്ന പച്ചനാളികേരം ഉടനെതന്നെ കേരഫെഡ് ശേഖരിച്ച് കൊപ്രയാക്കി മാറ്റുകയാണ് ചെയ്തു വരുന്നത്.

(സി) കാർഷിക രംഗത്തെ പദ്ധതികൾ നടപ്പിലാക്കുന്നതിന് സംസ്ഥാന കൃഷി ഭവനുകളിൽ ആവശ്യത്തിന് ജീവനക്കാരില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ